ഇതിൽ പ്രധാനമായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നെൽകർഷകരുടെ ഉന്നമനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണുള്ളത്. ഈ പദ്ധതിപ്രകാരം പുതിയ കറവപശുക്കളെ വാങ്ങുന്നതിനും കന്നുകുട്ടികളുടെ പരിപാലന പദ്ധതിക്കും കൃത്രിമ ബീജസങ്കലനം സൗജന്യമായി നൽകുന്നതിനും വന്ധ്യതാ നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിനുമാണ് തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്.

വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന പശുക്കൾ

89 (4440) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിദേശത്തു നിന്നും പശുക്കളെ ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെ നിന്നാണെന്നും ഏതു തരം പശുക്കളാണെന്നും വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ഇറക്കുമതി ചെയ്യുന്ന പശുക്കൾക്ക് കേരളത്തിലെ കാലാവസ്ഥയോട് പൊരുത്തപ്പെടാൻ കഴിയുമെന്ന് കരുതുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇറക്കുമതി ചെയ്യുന്ന പശുക്കളെ എവിടെ വളർത്താനും പ്രജനനത്തിനായി എന്തൊക്കെ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) നിലവിലുള്ള നിയമം അനുസരിച്ച് പശുക്കളെ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യാൻ സാധ്യമല്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ അത്യുല്പാദന ശേഷിയുള്ള ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അതിനാവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ ജനുസ്സുകൾ വ്യാപകമാക്കാൻ നടപടി

90 (4441) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ജനുസ്സുകൾ സംസ്ഥാനത്ത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ള വിദേശ ജനുസ്സുകളെയും, അവയുമായുള്ള സങ്കര വർഗ്ഗങ്ങളുടെ ഉല്പാദനക്ഷമതയേയും, വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കുമോ ;

(സി) ക്ഷീരകർഷകരുടെ അഭിപ്രായം ഇക്കാര്യത്തിൽ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഇൻഡ്യയിൽ ലഭ്യമായ എറ്റവും മെച്ചപ്പെട്ട രണ്ട് വിദേശ ജനുസ്സുകളായ ഹോൾസ്റ്റീൻ ഫ്രീഷ്യന്റെയും ജേഴ്സിയുടെയും ബീജം ഇപ്പോൾ ക്ഷീരധാര പദ്ധതി വഴി കേരളത്തിലെ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കഴിഞ്ഞ വർഷം 1,76,809 ഡോസ് ഹോൾസ്റ്റീൻ ഫ്രീഷ്യൻ ജേഴ്സി സെമനും, 46,802 ഡോസ് ജേഴ്സി സെമനും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഫ്രാൻസിൽ നിന്നും അവിടത്തെ 'മൊബിലിയാട്' എന്ന ജനുസ്സിന്റെ ബീജവും ഭ്രൂണവും വാങ്ങാനും അതിന്റെ കേരള കാലാവസ്ഥയിലെ പ്രകടനത്തെക്കുറിച്ച് പഠിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള കന്നുകാലി വികസന ബോർഡ് പ്രോജനി ടെസ്റ്റിംഗ് സ്കീം 1977 മുതൽ നടപ്പിലാക്കി വരുന്നു. ഈ സ്കീമിൽ വിതരണം ചെയ്യുന്ന സങ്കരയിനം കാളകളുടെയും ഇപ്പോൾ ക്ഷീരധാര പദ്ധതിവഴി വിതരണം ചെയ്യുന്ന ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജേഴ്സി തുടങ്ങിയ ജനുസ്സുകളുടെ ബീജവും പ്രോജനി ടെസ്റ്റിംഗിന് വിധേയമാക്കുന്നു. അതിൽനിന്നും ജനിക്കുന്ന പശുക്കുട്ടികളുടെ വിശദ വിവരങ്ങളും പാലുൽപ്പാദന കണക്കുകളും എല്ലാ വർഷവും 'ഡയർ ഡയറക്ടറി' എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു വരുന്നു. അത് www.livestockkerala.com എന്ന സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ വിശദമായ ഒരു സർവ്വേ നടത്തി ക്ഷീരകർഷകരുടെ അഭിപ്രായം ശേഖരിച്ചിട്ടുണ്ട്. തണുത്ത കാലാവസ്ഥയുള്ള സ്ഥലങ്ങളിൽ ശുദ്ധ വിദേശ വർഗ്ഗങ്ങളെ ഉപയോഗിക്കണമെന്നും, മറ്റു സ്ഥലങ്ങളിൽ ക്രോസ് ബ്രെഡ് പശുക്കളെ ഉപയോഗിക്കണമെന്നുമാണ് കർഷകർ അഭിപ്രായപ്പെട്ടത്.

വിദേശത്തുനിന്നും മുന്തിയ ഇനം പശുക്കളെ ലഭ്യമാക്കാൻ നടപടി

91 (4442) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്തിയ ഇനം പശുക്കളെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പുമന്ത്രി ഫ്രാൻസ് സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly